(സി) ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 37,632 കേസുകൾ.

(ബി) ഊർജ്ജിതമായും കാര്യക്ഷമമായും കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രമോ, റഫർ ചാർജ്ജോ കോടതിയിൽ സമർപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആവശ്യമുള്ള കേസുകളിൽ കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, വൂണ്ട് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനും ഒളിവിൽ കഴിയുന്ന പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസിലെ ഉയർന്നതലത്തിലെ അഴിമതി

31 [743] ശ്രീ. കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി. വൈ. എസ്. പി. മുതൽ ഡി. ഐ. ജി., ഐ. ജി. തലത്തിൽവരെ അഴിമതി നിലനിൽക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസിലെ പല തലങ്ങളിലുള്ള ചില ഉദ്യോഗസ്ഥൻമാരെ കുറിച്ച് അഴിമതി ആരോപണങ്ങൾ ലഭിക്കാറുണ്ട്.

(ബി, സി) ഇത്തരം ആരോപണങ്ങളെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തി കൂടുതൽ നടപടി ആവശ്യമുള്ള പരാതികളിൽ വിജിലൻസ് അന്വേഷണവും തുടർ ശിക്ഷണ നടപടികളും സ്വീകരിക്കാറുണ്ട്.

പോലീസ് സേനയിൽ വർദ്ധിച്ച് വരുന്ന അഴിമതി തടയുന്നതിനും കണ്ടുപിടിക്കുന്നതിനും നടപടി

32 [744] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, കെ. വി. കുഞ്ഞിരാമൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അഴിമതി തടയുന്നതിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പോലീസ് സേനയിലെ അഴിമതിയെ സംബന്ധിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇത് സംബന്ധിച്ച് ഗ്രേഡിംഗ് നടത്തിയിട്ടുണ്ടോ;

(ഇ) പോലീസ് ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സേനാവിഭാഗത്തിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയും ക്രമവിരുദ്ധ പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത ഉദ്യോഗസ്ഥരുടെ ബ്ലാക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(എച്ച്) അഴിമതിക്കാരായ സ്ഥിര ഉദ്യോഗസ്ഥന്മാരെ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) ചില പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെടുകയും ആരോപണത്തിൽ കഴമ്പുണ്ടെന്നു കാണുന്ന കേസുകളിൽ അനന്തര നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇത്തരം പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) നടപടി ആവശ്യമുള്ള കേസുകളിൽ അഴിമതിയുടെ സ്വഭാവം വിലയിരുത്തി വിജിലൻസ് അന്വേഷണം, ശിക്ഷണ നടപടി, സ്ഥലംമാറ്റം എന്നിവയ്ക്ക് വിധേയരാക്കാറുണ്ട്. പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ച് ഗ്രേഡിംഗ് നടത്തിയിട്ടുണ്ട്.

(എച്ച്) ഉണ്ട്. ബന്ധപ്പെട്ട ജില്ലാ സൂപ്രണ്ടുമാരെയും, സിറ്റി പോലീസ് കമ്മീഷണർമാരെയും ഗ്രേഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്മാരേയും നിരീക്ഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഇക്കാര്യം നോക്കുന്നതിന് ഐ.ജി., പി.എച്ച്.ക്യു.-വിനെ വിജിലൻസ് ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly